## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *220 — 19.12.2012-ൽ മറുപടിക്ക്.

### സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകരെ മിനിമം വേതന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോററി :<br>ശ്രീ. പി. കെ. ഗുരുദാസൻ :<br>ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. കെ. ദാസൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ, സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർ ചൂഷണത്തിന് വിധേയരാകേണ്ടി വരുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത്തരം ചൂഷണത്തിനെതിരെ തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;<br><br>(സി) സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകരെ കൂടി മിനിമം വേതന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | (ബി) യും (സി) യും സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർ "തൊഴിലാളി" എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല എന്ന് 1948 ലെ മിനിമം വേതന നിയമത്തിലും സുപ്രീം കോടതിയുടെ ഉത്തരവിലും ഉള്ളതിനാൽ അദ്ധ്യാപകരെ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തി മിനിമം വേതനം നിശ്ചയിക്കാനോ തുടർനടപടികൾ സ്വീകരിക്കാനോ തൊഴിൽ വകുപ്പിന് കഴിയുന്നില്ല. |

സെക്ഷൻ ആഫീസർ.